ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിക്കും മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിക്കും ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

   **Nation remembers Father of the Nation Mahatma Gandhi and former Prime Minister Lal Bahadur Shastri on their birth anniversary.**

2. ഇന്ത്യ - പാകിസ്ഥാൻ അതിർത്തിയിലെ സർ ക്രീക്ക് പ്രദേശത്തെ പാക് പ്രകോപനങ്ങൾക്ക് ശക്തമായ പ്രതികരണം നേരിടേണ്ടി വരുമെന്ന് രാജ്യരക്ഷ്യ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh warns any misadventure by Pakistan in Sir Creek area will meet with decisive response.**

3. ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമാണ പദ്ധതിയിലൂടെ 1.15 ലക്ഷം കോടി രൂപയുടെ നിക്ഷേപ അപേക്ഷകൾ ലഭിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Electronics component manufacturing scheme receives investment proposals worth 1.15 lakh crore rupees**

says, Union Minister for Electronics and IT Ashwini Vaishnaw.

4. ന്യൂഡൽഹിയിൽ മലയാളി വിദ്യാർഥികൾക്ക് പോലീസ് മർദ്ദനമേറ്റ സംഭവത്തിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ച് കേരള മുഖ്യമന്ത്രി.

   Kerala Chief Minister has written a letter to Union Home Ministry demanding a high-level investigation into the incident in New Delhi where Malayali students were allegedly assaulted by the police.

5. നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തി കുറിച്ച് വിജയദശമി ആഘോഷങ്ങളിൽ -രാജ്യം. വിദ്യാരംഭത്തിൽ അറിവിന്റെ ആദ്യ മധുരം നുകർന്ന് കുരുന്നുകൾ.

   The country is celebrating Vijayadashami, marking the conclusion of Navaratri and Durga Puja. Children taste the first sweetness of knowledge through Vidyarambham.

6. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം.

   In the Ahmedabad cricket Test, India got off to a great start in the first innings against West Indies

☸☸☸☸☸☸☸☸☸☸☸☸☸

PM VP- RAJGHAT- GANDHI JAYANTHI

രാഷ്ട്രപിതാവിൻറെ 156-ാം ജന്മവാർഷിക ദിനത്തിൽ ഗാന്ധി സ്മരണയിൽ രാജ്യം. രാജ്ഘട്ടിൽ ഇന്ന് സർവ്വ ധർമ്മ പ്രാർത്ഥനാ സഭ നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം

ബിർള, കേന്ദ്ര മന്ത്രി മനോഹർ ലാൽ എന്നിവർ രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തി.

ധൈര്യവും ലാളിത്യവും എങ്ങനെ വലിയ മാറ്റത്തിന്റെ ഉപകരണങ്ങളായി മാറുമെന്ന് മഹാത്മാഗാന്ധി തെളിയിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഗാന്ധിജയന്തി അന്താരാഷ്ട്ര തലത്തിൽ അഹിംസാ ദിനമായും ആചരിക്കുന്നുണ്ട്. 2007 ജൂണിലാണ് മഹാത്മാഗാന്ധിയുടെ ജന്മവാർഷികദിനത്തെ അന്താരാഷ്ട്ര അഹിംസാ ദിനമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചത്.

## PM- SHASTRI

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 121-ാം ജന്മവാർഷിക ദിനം കൂടിയാണ് ഇന്ന്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

## RAJNATH SINGH (INTRO)

ഇന്ത്യ - പാകിസ്ഥാൻ അതിർത്തിയിലെ സർ ക്രീക്ക് പ്രദേശത്തെ പാക് പ്രകോപനങ്ങൾക്ക് ശക്തമായ പ്രതികരണം നേരിടേണ്ടി വരുമെന്ന് രാജ്യരക്ഷ്യ മന്ത്രി രാജ്നാഥ് സിംഗ്. വിജയദശമിയോടനുബന്ധിച്ച് കച്ചിൽ നടന്ന ആയുധപൂജയിലും സായുധസേനയുടെ പരിശീലന പരിപാടിയിലും സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിൽ, ലെ മുതൽ സർ ക്രീക്ക് വരെയുള്ള ഇന്ത്യയുടെ വ്യോമ പ്രതിരോധ സംവിധാനം തകർക്കാനുള്ള പാകിസ്ഥാൻറെ ശ്രമം പരാജയപ്പെട്ടതായി ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

## PoJK PROTESTS

പാക് അധീന കശ്മീരിൽ നാലാം ദിവസവും തുടരുന്ന പ്രതിഷേധത്തിൽ മൂന്ന് പോലീസുകാർ

ഉൾപ്പെടെ ഒമ്പത് പേർ മരിച്ചതായി റിപ്പോർട്ട്. പ്രതിഷേധത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. മുസാഫറാബാദ്, മിർപൂർ, പൂഞ്ച്, നീലം, ഭീംബർ, പാലന്ദ്രി പ്രദേശങ്ങൾ പ്രതിഷേധത്തിൽ പൂർണമായും സ്തംഭിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW – ELECTRONICS (INTRO)

ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമാണ പദ്ധതിയിലൂടെ 1.15 ലക്ഷം കോടിയിലേറെ രൂപയുടെ നിക്ഷേപ അപേക്ഷകൾ ലഭിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. അപേക്ഷകളുടെ എണ്ണത്തിലെ വർദ്ധന ചരിത്രപരമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH

പ്രകൃതി ദുരന്ത ആഘാത ലഘൂകരണത്തിനും , പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി കേരളം അടക്കം 9 സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാർ അധിക ധനസഹായം അനുവദിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയാണ് ദേശീയ ദുരന്ത ലഘൂകരണ ഫണ്ടിൽ നിന്ന് 4645.60 കോടി രൂപയുടെ ധനസഹായം അനുവദിച്ചത്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്നുള്ള പുനർ നിർമാണ പ്രവർത്തനങ്ങൾക്കായി കേരളത്തിന് 260.56 കോടി രൂപയുടെ അധിക സാമ്പത്തിക സഹായമാണ് ലഭിക്കുക .

❁❁❁❁❁❁❁❁❁❁❁❁❁

## PM – MOHAN BHAGWAT

രാഷ്ട്ര സമർപ്പിത സേവനത്തിൻറെ 100 വർഷം പൂർത്തിയാക്കിയ ആർ എസ് എസിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. രാഷ്ട്രനിർമ്മാണത്തിൽ ആർഎസ്എസിൻറെ നിർണായക പങ്കും ഇന്ത്യയുടെ നാഗരിക മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള അചഞ്ചല പ്രതിബദ്ധതയും അദ്ദേഹം ആവർത്തിച്ചു. ആർ എസ്

എസ് സർസംഘചാലക് മോഹൻ ഭാഗവത് നടത്തിയ പ്രസംഗം ചൂണ്ടിക്കാട്ടിയാണ് പ്രധാനമന്ത്രിയുടെ അഭിനന്ദനം.

☸☸☸☸☸☸☸☸☸☸☸☸☸

## AYUSH-DHANWANTRI AWARDS

2025 ലെ ദേശീയ ധന്വന്തരി ആയുർവേദ പുരസ്കാരങ്ങൾ കേന്ദ്ര ആയുഷ് മന്ത്രാലയം സമ്മാനിച്ചു. അക്കാദമിക, പരമ്പരാഗത, ശാസ്ത്രീയ മേഖലകളിൽ ആയുർവേദത്തിന് നൽകിയ മികച്ച സംഭാവനകൾക്ക് പ്രൊഫ. ബൻവാരി ലാൽ ഗൗർ, വൈദ്യർ ഇ.ടി. നീലകണ്ഠൻ മൂസ്, വൈദ്യർ ഭാവന പ്രഷേർ എന്നിവർക്കാണ് പുരസ്കാരം.

☸☸☸☸☸☸☸☸☸☸☸☸☸

## GST REFORMS- MACHINERY/FERTILIZERS

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരത്തിലൂടെ ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കി കേന്ദ്രസർക്കാർ. കാർഷിക ഉപകരണങ്ങളുടെ നികുതി 12 ൽ നിന്ന് 5 ശതമാനമായി കുറച്ചു. ജൈവ കീടനാശിനികളുടെയും വിവിധ സൂക്ഷ്മ പോഷകങ്ങളുടെയും നികുതി 5 ശതമാനമായി. അമോണിയ ഉൾപ്പെടെയുള്ള വളങ്ങളുടെ ജി എസ് ടിയും 18 ൽ നിന്ന് 5 ശതമാനമായി കുറച്ചിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## AMIT SHAH - CM KERALA

ന്യൂഡൽഹിയിൽ മലയാളി വിദ്യാർഥികൾക്ക് പോലീസ് മർദ്ദനമേറ്റ സംഭവത്തിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സാക്കിർ ഹുസൈൻ ഡൽഹി കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് മർദ്ദനമേറ്റത്. കുറ്റക്കാരെന്ന് കണ്ടെത്തിയാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸☸☸

## VIJAYADASAMI - NATIONAL

നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തി കുറിച്ച് വിജയദശമി ആഘോഷങ്ങളിൽ രാജ്യം. രാഷ്ട്രപതി ദ്രൗപദി

മുർമുവും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് വിജയദശമി ആശംസകൾ നേർന്നു. ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന ദസറ ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുത്തു. ഐപി എക്സ്റ്റൻഷൻ രാംലീല കമ്മിറ്റി, ദേശീയ തലസ്ഥാനത്ത് സംഘടിപ്പിക്കുന്ന ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും.

## VIJAYADASAMI – STATE

കേരളത്തിൽ വിജയ ദശമി ദിനത്തിലെ വിദ്യാരംഭ ചടങ്ങുകളിൽ ആയിരക്കണക്കിന് കുരുന്നുകൾ ആദ്യക്ഷരം കുറിച്ചു. ക്ഷേത്രങ്ങളിലും മറ്റ് ഇടങ്ങളിലും വിദ്യാരംഭ ചടങ്ങുകൾ നടന്നു. സാംസ്കാരിക,സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ കുട്ടികൾക്ക് അറിവിന്റെ ആദ്യക്ഷരം പകർന്നു നൽകി. ദസറാ ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യാ റിസർവ്വ് ബറ്റാലിയൻറെ ആഭിമുഖ്യത്തിൽ ലക്ഷദ്വീപിലെ കവരത്തിയിൽ വിവിധ ആധുനിക സൈനിക ഉപകരണങ്ങളുടെ പൂജ നടന്നു.

## CRICKET

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് മികച്ച തുടക്കം. ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ ആദ്യ ഇന്നിങ്സിൽ 2 വിക്കറ്റ് നഷ്ടത്തിൽ 121 റൺസ് എന്ന നിലയിലാണ്. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത വെസ്റ്റ് ഇൻഡീസ് ആദ്യ ഇന്നിഗ്സിൽ 162 റൺസിന് പുറത്താവുകയായിരുന്നു. പരമ്പരയിലെ രണ്ടാമത്തെ ടെസ്റ്റ് മത്സരം ഈ മാസം 10 മുതൽ ഡൽഹിയിൽ നടക്കും.

## SUPER LEAGUE

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ തുടക്കം. ഉദ്ഘാടന മത്സരത്തിൽ കാലിക്കറ്റ് എഫ്.സി, ഫോഴ്സ കൊച്ചിയെ നേരിടുകയാണ് . ലീഗിൽ ഇത്തവണ ഫൈനലടക്കം 33 മത്സരങ്ങളാണുള്ളത്.

## SEVA PARV – OPERATION SINDOOR (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, ഓപ്പറേഷൻ സിന്ദൂരിലൂടെ തെളിയിച്ച സൈനിക ശക്തി, തദ്ദേശീയ സാങ്കേതികവിദ്യയിലെ മികവ് എന്നിവ വിശദീകരിക്കുകയാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവപർവ്വിൽ ഇന്ന്.

(ഹോൾഡ് വോയ്സ്)

## SWACHHTHA HI SEWA

സ്വച്ഛ്താ ഹി സേവ കാമ്പയിൻ്റെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും മാഹി, ലക്ഷദ്വീപ് തീരപ്രദേശങ്ങളിലും മൈ ഭാരത് വളണ്ടിയർമാർ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും നടത്തി. മഹാത്മാഗാന്ധിയുടെ ചിത്രത്തിലെ പുഷ്പാർച്ചനയ്ക്ക്ശേഷം ആരംഭിച്ച ശുചീകരണത്തിൽ വിവിധ യുവ ജന സന്നദ്ധ സംഘടനകളിലെ യുവതി - യുവാക്കൾ പങ്കെടുത്തു. അതെസമയം, സ്വച്ഛത ഹി സേവയുടെ ഭാഗമായി EPFO കൊച്ചി റീജിയണൽ ഓഫീസിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.